"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ.ദിലൻ ജോസ് ബി യുടെ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിലെ അന്യത്രസേവനം ഓഫീസ് കം ഫിനാൻസ് മാനേജർ തസ്തികയിലേയ്ക്ക് മാറ്റി അന്യത്രസേവ കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1461/2023/LSGD **തീയതി,തിരുവനന്തപുരം,** 19-07-2023

പരാമർശം:-
1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(പി) നം. 580/2013/ധന തയീതി 28/11/2013.
3. സ.ഉ.(സാധാ) നം. 1001/2022/തസ്വഭവ തീയതി 22/04/2022.
4. സ.ഉ.(സാധാ) നം. 2936/2022/തസ്വഭവ തീയതി 26/11/2022.
5. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/05/2023 തീയതിയിലെ 811/ബി/2022/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വ മിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി. ) തസ്തികയിൽ പരാമർശം (3) പ്രകാരം മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. ദിലൻ ജോസ് ബി.യെ ടി തസ്തികയിൽ നിലവിലെ ഒഴിവിൽ ഒരാളെ കണ്ടെത്തുന്നതുവരെയോ ആറു മാസമോ ഏതാണോ ആദ്യം അത് വരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുകയും പരാമർശം (4) ഉത്തരവ് പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. ശ്രീ.ദിലൻ ജോസ് ബി യെ നിലവിൽ ഒഴിവുള്ള ഓഫീസ് കം ഫിനാൻസ് മാനേജർ തസ്തികയിൽ 01/05/2023 പ്രാബല്യത്തിൽ നിയമിച്ച് അന്യത്രസേവനം ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (5) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ.ദിലൻ ജോസ് ബി.യുടെ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിലെ അന്യത്രസേവനം ഓഫീസ് കം ഫിനാൻസ് മാനേജർ തസ്തികയിലേയ്ക്ക് മാറ്റി കെ.എസ്.ആർ. ഭാഗം - I ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി അന്യത്രസേവന കാലാവധി 01/05/2023 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH K R

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
ശ്രീ. ദിലൻ ജോസ് ബി. (ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.&എസ്.എസ്.എ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/65/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 19-07-2023 11:15:26
സെക്ഷൻ ഓഫീസർ